# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.6711 - 04/04/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായപദ്ധതി

ചോദ്യം | ഉത്തരം

ശ്രീ. സി. മമ്മൂട്ടി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതി ഭൂരിഭാഗം പേർക്കും പ്രയോജനപ്പെടുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള ഭൂരിഭാഗം പേർക്കും പ്രയോജനപ്പെടുക എന്ന ലക്ഷ്യത്തോടെ ബാങ്കുകളുമായും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായും ചർച്ച ചെയ്താണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. |
| ബി | മെരിറ്റുവഴി അഡ്മിഷൻ ലഭിച്ചവർക്ക മാത്രമായി ഈ പദ്ധതി പരിമിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | ഇൻഡ്യയ്ക്കകത്തുള്ള IIT, IIM, IIST, IISC മുതലായ ദേശീയ സ്ഥാപനങ്ങളിലേ-ഉൾപ്പെടെ അംഗീകൃത പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. എന്നാൽ നഴ്സിംഗ് കോഴ്സുകൾ ഒഴികെയുള്ള കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയവർക്കോ എൻ.ആർ.ഐ. ക്വാട്ടയിൽ അഡ്മിഷൻ നേടിയവർക്കോ ഈ പദ്ധതി ബാധകമാകുന്നതല്ല. |
| സി | എസ്.ബി.റ്റി. എസ്.ബി.ഐ ലയനം നടന്നതിനാൽ എസ്.ബി.റ്റി. യിൽ നിന്നും വായ്പ എടുത്തവർക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നതായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള |

| | | |
|---|---|---|
| | | സർക്കാർ സഹായം ലഭിക്കുന്നതാണ്. എന്നാൽ മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി (ARC)-ക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത തിനാൽ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ധനസഹായം നൽകുന്നത് പരിഗണിക്കാൻ കഴിയുക യില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാലാണ് ഇങ്ങനെ കൈമാറിയ വായ്പകൾക്ക് സർക്കാർ ധനസഹായം നൽകാൻ കഴിയാത്തത്. |
| ഡി | വിദ്യാഭ്യാസ വായ്പ എടുത്തവർക്കെല്ലാം പ്രയോജകരമായ രീതിയിൽ ഈ പദ്ധതി നടപ്പിലാക്കാൻ വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം വയ്ക്കുമോ ? | നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ പരിധി യിൽ വരുന്നവർക്ക് എല്ലാം തന്നെ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**